ഒരു കൊല്ലത്തെ മോറട്ടോറിയത്തിന്റേയും പലിശയിളവ് പ്രകാരവും വയനാട് പാക്കേജ് അടക്കവും 156.82 കോടി രൂപ ഇനിയും നൽകാനുണ്ട്. പ്രസ്തുത തുക രണ്ട് മാസത്തിനകം കൊടുത്തുതീർക്കാൻ നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഇ) സർക്കാരിന് ചെലവ് ഉണ്ടായിട്ടില്ല.

സഹകരണ ബാങ്കുകളുടെ ഫണ്ട്

132 [589] ശ്രീ. മഞ്ഞളാംകുഴി അലി :
„ പി. ജയരാജൻ :
„ കെ. കെ. ജയചന്ദ്രൻ :

ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളുടെ ഫണ്ട് സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ;

(ബി) സഹകരണ വായ്പാ സംഘങ്ങളിൽ അധിക ഫണ്ട് ഉണ്ടാകുമ്പോൾ അത് നിക്ഷേപിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കുമോ ;

(സി) സംസ്ഥാന സഹകരണ കാർഷിക ഭൂവികസന ബാങ്ക് 2001 മാർച്ചിന് ശേഷം ഇതേവരെ ഓരോ വർഷവും ലോർഡ് കൃഷ്ണാ ബാങ്കിൽ ഉൾപ്പെടെ സ്വകാര്യ ബാങ്കുകളിൽ എന്ത് തുക വീതം നിക്ഷേപിക്കുകയുണ്ടായി ; നിക്ഷേപ കാലയളവിൽ ഏതെങ്കിലും ബാങ്കുകളിൽ നിന്ന് വായ്പ എടുത്തിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) യൂണിറ്റ് ട്രസ്റ്റ് ഓഫ് ഇൻഡ്യയുടെ യു.എസ്. 64 സ്കീമിൽ പ്രസ്തുത ബാങ്ക് എത്ര തുക നിക്ഷേപിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഇല്ല.

(ബി) സഹകരണ വായ്പാ സംഘങ്ങളിൽ അധിക ഫണ്ട് ഉണ്ടാകുമ്പോൾ ജില്ലാ സഹകരണ ബാങ്കിലോ സംസ്ഥാന സഹകരണ ബാങ്കിലോ മാത്രം നിക്ഷേപിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണ വകുപ്പിന്റെ അനുമതിയില്ലാതെ പൊതുമേഖലാ ബാങ്കുകളിലോ വാണിജ്യ ബാങ്കുകളിലോ സഹകരണ സംഘങ്ങൾക്ക് നിക്ഷേപം പാടില്ലായെന്ന നിർദ്ദേശം നിലവിലുണ്ട്. സഹകരണ സംഘങ്ങൾ അവയുടെ ഫണ്ടുകൾ എപ്രകാരം നിക്ഷേപിക്കണമെന്ന് 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 57-ൽ പ്രതിപാദിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് 2001 മാർച്ചിനുശേഷം ലോർഡ് കൃഷ്ണാ ബാങ്ക് ഉൾപ്പെടെ സ്വകാര്യ ബാങ്കുകളിൽ ഉള്ള നിക്ഷേപം, വായ്പ എന്നിവയുടെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. †

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

2001 മുതൽ 2006 വരെയുള്ള മൊത്തം നിക്ഷേപത്തിന്റെയും വായ്പയുടെയും വിവരം ചുവടെ ചേർക്കുന്നു:

വർഷം	നിക്ഷേപം (ലക്ഷത്തിൽ)	എടുത്ത വായ്പ (ലക്ഷത്തിൽ)
2001-02	74485.12	ഇല്ല
2002-03	77969.20	12500.00
2003-04	66375.57	42500.00
2004-05	46595.33	72500.00
2005-06	40236.18	12500.00
6-2-2006 വരെ	ഇല്ല	ഇല്ല

(ഡി) 313.58 ലക്ഷം രൂപ നിക്ഷേപിച്ചിരുന്നു. ഇപ്പോൾ നിക്ഷേപം ഇല്ല.

സഹകരണ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കാൻ നടപടി

133 [590] പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ജോർജ് ജെ. മാത്യു :
,, വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സഹകരണ മേഖലയിൽ എന്തു തുകയ്ക്കുള്ള നിക്ഷേപമുണ്ടായിരുന്നു ;

(ബി) ഇപ്പോഴുള്ള നിക്ഷേപം എത്ര ;

(സി) നിക്ഷേപം വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും പുതിയ പരിപാടി നടപ്പാക്കാൻ ഉദ്ദേശ്യമുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) 10,664.76 കോടി രൂപ.

(ബി) നടപ്പു വർഷാരംഭത്തിൽ 19,197.13 കോടി രൂപ.

(സി) ഉണ്ട്. 2006 മാർച്ച് മാസത്തിൽ നടക്കുന്ന നിക്ഷേപ സമാഹരണ യജ്ഞ കാലയളവിൽ നിക്ഷേപം കാര്യക്ഷമമായി വർദ്ധിപ്പിക്കുന്നതിന് ഊർജ്ജസ്വലമായി പ്രവർത്തിക്കാൻ സംഘങ്ങളോട് ആഹ്വാനം ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IX

[13-2-2006-ലെ നക്ഷത്രചിഹ്നമിടാത്ത 132 (589)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് 2001 മാർച്ചിനുശേഷം സ്വകാര്യ വാണിജ്യ ബാങ്കുകളിൽ നിക്ഷേപിച്ച തുക, വായ്പ എന്നിവ സംബന്ധിച്ച വിവരം

തുക ലക്ഷത്തിൽ

ക്രമ നമ്പർ	ബാങ്കിന്റെ പേര്	2001-02		2002-03		2003-04		2004-05		2005-06	
		നിക്ഷേപം	വായ്പ	നിക്ഷേപം	വായ്പ	നിക്ഷേപം	വായ്പ	നിക്ഷേപം	വായ്പ	നിക്ഷേപം	വായ്പ
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)
1	കേരള സംസ്ഥാന സഹകരണ ബാങ്ക്	39503.67	..	27882.16	8750.00	20858.37	..	6605.33	..	21770.12	..
2	സെഞ്ചൂറിയൻ ബാങ്ക്	4041.15	..	9103.43	500.00	1599.19	..	1000.00	..	1500.00	..
3	ധനലക്ഷ്മി ബാങ്ക്	65.00	..	16.57	..	1090.30	..	3072.00	..	882.24	2500.00
4	ലോഡ് കൃഷ്ണാ ബാങ്ക്	27356.94	..	22135.98	..	36313.01	35000.00	21575.64	54700.00	..	5000.00
5	സൗത്ത് ഇൻഡ്യൻ ബാങ്ക്	500.00	..	1220.68	..	1305.70	..	..	..	..	..
6	തമിഴ്നാട് മർക്കെന്റയിൻ ബാങ്ക്	703.00	..	..	..	..	..	..	..	2500.00	..
7	നെടുങ്ങാടി ബാങ്ക്	1000.00	2314.15	1700.00	..	..	..	..	..	..	..

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)
8	ഇൻഡസ് ഇൻഡ് ബാങ്ക്	1315.36	..	8769.73	1150.00	1809.00	..	5034.22	..	1000.00	2500.00
9	ഫെഡറൽ ബാങ്ക്	..	..	1390.40	..	..	7500.00	6181.48	17800.00	7123.75	2500.00
10	സിറ്റി യൂണിയൻ ബാങ്ക്	..	..	141.00	..	..	..	..	..	4217.57	..
11	ലക്ഷ്മിവിലാസ് ബാങ്ക്	..	..	..	..	..	..	2500.00	..	695.50	..
12	കാത്തലിക് സിറിയൻ ബാങ്ക്	..	..	..	..	..	626.66	..	..	..	
13	എച്ച്.ഡി.എഫ്.സി. ബാങ്ക്	..	..	98.00	..	..	..	..	..	..	..
14	ഐ.സി.ഐ.സി.ഐ. ബാങ്ക്	..	720.00	..	..	..	..	..	..	..	
15	യു.റ്റി.ഐ. ബാങ്ക്	..	..	3723.55	400.00	..	..	..	..	..	..
16	ഐ.ഡി.ബി.ഐ. ബാങ്ക്	..	..	313.55	..	..	..	..	..	..	..
17	ഗ്ലോബൽ ട്രസ്റ്റ് ബാങ്ക്	..	..	..	..	3400.00	..	..	..	..	..
18	ഐ.എൻ..ജി. വൈശ്യാ ബാങ്ക്	..	..	..	..	..	..	..	547.00	..	
	ആകെ	74485.12	..	77969.20	12500.00	66375.57	42500.00	46595.33	72500.00	40236.18	12500.00